# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6661 — 1.11.2011-ലെ മറുപടിക്ക്

### ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. പ്രദീപ് കുമാർ<br>ശ്രീ എ.എം. ആരിഫ്<br>ശ്രീ കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. ബഹു. വകുപ്പ് മന്ത്രി നടത്തിയ ജില്ലാ തല വിലയിരുത്തൽ യോഗത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | റെയിൽവേക്രോസിംഗ് അനുമതി കിട്ടുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായിരുന്ന തടസ്സങ്ങളും കാലതാമസവും പരിഹരിക്കുന്നതിന് സർക്കാർതല നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | സ്വീകരിച്ചിട്ടുണ്ട്. സർക്കാർ തലത്തിലും ചീഫ് സെക്രട്ടറി തലവനായ എംപവേർഡ് കമ്മിറ്റിയിലും റെയിൽവേ ക്രോസിംഗിനുള്ള അനുമതി ലഭിയ്ക്കുന്നതിനായി ചർച്ചകൾ നടത്തുകയും വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. കോഴിക്കോട് പദ്ധതിയിലൊഴിച്ച് മറ്റു പദ്ധതികളിലെ റെയിൽവേ ക്രോസിംഗിനുള്ള അനുമതികൾ ഇതിനകം ലഭിയ്ക്കുകയും പണികൾ നടന്നു വരികയും ചെയ്യുന്നു. കോഴിക്കോട് പദ്ധതിയിലെ 3 ഇടങ്ങളിൽ റെയിൽവേ പെർമിഷൻ ലഭിയ്ക്കാനുണ്ട്. |
| (സി) | കോഴിക്കോട്, തിരുവനന്തപുരം, ചേർത്തല പദ്ധതികളുടെ സർവ്വീസ് റിസർവോയറുകൾ നിർമ്മിക്കുന്നതിൽ ഉണ്ടായ കാലതാമസം പരിഹരിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ; | (സി) | വിലയിരുത്തിയിട്ടുണ്ട്. തിരുവനന്തപുരം, ചേർത്തല പദ്ധതികളുടെ സർവ്വീസ് റിസർവോയറുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.<br>കോഴിക്കോട് പദ്ധതിയിൽ ഭൂമി ലഭിയ്ക്കുന്നതിനുള്ള കാലതാമസം കാരണം 3 റിസർവോയറുകളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. കാക്കൂർ, നരിക്കുനി, തലക്കുളത്തൂർ എന്നിവയാണിവ. |

സെക്ഷൻ ഓഫീസർ